(ശേഷം 8-ാം പേജിൽ)

(6-ാം പേജിന്റെ തുടർച്ച)

ഒരു സമർപ്പിക്കപ്പെട്ട ഹിതത്തിന്റെ ബലം

(യോഹ. 11:42). എന്നാൽ എന്തുകൊണ്ട്? ഓ, താങ്കൾ പറയുന്നു, അവൻ അവന്റെ ഏകജാതനായ പുത്രൻ ആയിരുന്നു. അതുകൊണ്ടു മാത്രമല്ല, എന്നാൽ യേശുവിനു പറയുവാൻ സാധിച്ചു, "ഞാൻ എന്റെ ഇഷ്ടമല്ല, എന്നെ അയച്ചവന്റെ ഇഷ്ടമത്രേ ചെയ്വാൻ സ്വർഗ്ഗത്തിൽ നിന്നു ഇറങ്ങിവന്നിരിക്കുന്നതു" (യോഹ. 6:38). വീണ്ടും "എന്നെ അയച്ചവന്റെ ഇഷ്ടം ചെയ്തു അവന്റെ പ്രവൃത്തി തികെക്കുന്നതു തന്നെ എന്റെ ആഹാരം" (യോഹ. 4:34). വീണ്ടും, "ഇതാ, ഞാൻ വരുന്നു; പുസ്തകച്ചുരുളിൽ എന്നെക്കുറിച്ചു എഴുയിരിക്കുന്നു; ദൈവമേ, നിന്റെ ഇഷ്ടം ചെയ്വാൻ ഞാൻ വരുന്നു" (എബ്രാ. 10:7).

ഒരു സമർപ്പിക്കപ്പെട്ട ഹിതവും ഒരു സമർപ്പിക്കപ്പെട്ട ജീവിതവും ആകുന്നു ഏറ്റവും വിജയകരമായ പ്രാർത്ഥനയുടെ രഹസ്യം. ജോർജ്ജ് മുള്ളറിനെപ്പോലെയുള്ളവർക്ക് സമർത്ഥിക്കുവാൻ സാധിക്കുന്നു, മുകളിൽ സൂചിപ്പിച്ചിരിക്കുന്ന സകലതും പ്രാർത്ഥനയാൽ സാധിക്കുന്നു. എന്തുകൊണ്ടെന്നാൽ അനേകം വർഷങ്ങൾക്ക് മുമ്പ് അവൻ ചിലതൊക്കെയും പദ്ധതി ഇടുകയും അതിൽ കൂടി ദൈവം അവനുവേണ്ടി പ്രവർത്തിക്കേണ്ടതിനു സമർപ്പിക്കുകയും ചെയ്തതിനാൽ, അതുപോലെ ദിനവും ആഴത്തിൽ ദൈവവചനത്തെ അവകാശമാക്കുകയും അത് അവനു അറിയുവാൻ സാധിച്ചു, അവിടുത്തെ ഹിതമാണെന്നു. അവൻ പൂർണ്ണമായിട്ടു അവനെ തന്നെ ദൈവഹിതത്തിനായിട്ടു സമർപ്പിച്ചു. നമ്മിൽ ഒരുവൻ പോലും ആർക്കാണോ ആയിതീരുവാൻ കഴിഞ്ഞില്ല. ഒരു ശക്തനായ ദൈവത്തിന്റെ രാജകുമാരനായിട്ടു തീരുവാനും അതേ കാര്യങ്ങൾ നാം പ്രവർത്തിക്കുവാനും തയാറാകണം.

ഒരു സമർപ്പിക്കപ്പെട്ട ഹിതം സന്തോഷത്തിന്റെ പൂർണ്ണത കൊണ്ടുവരുന്നു.

ഒരു സമർപ്പിക്കപ്പെട്ട ഹിതത്തിന്റെതായ അടുത്ത ഒരു ഫലം ആണ് ഹൃദയം നിറഞ്ഞു കവിയുന്ന സന്തോഷത്തിൽ എത്തിച്ചേരുന്നു എന്നുള്ളത്. അവൻ കടന്നു പോയ ഭയങ്കരമായ കഷ്ടതയുടെയും അതുപോലെ വേദനാജനകമായ യാതനകളുടെയും നിമിഷത്തിൽ, യേശു അവിടുത്തെ ശിഷ്യഗണത്തോടു പറഞ്ഞു. "ഞാൻ എന്റെ പിതാവിന്റെ കല്പനകൾ പ്രമാണിച്ചു അവന്റെ സ്നേഹത്തിൽ വസിക്കുന്നതുപോലെ നിങ്ങൾ എന്റെ കല്പനകൾ പ്രമാണിച്ചാൽ എന്റെ സ്നേഹത്തിൽ വസിക്കും. എന്റെ സന്തോഷം നിങ്ങളിൽ ഇരിപ്പാനും നിങ്ങളുടെ സന്തോഷം പൂർണ്ണമാക്കുവാനും ഞാൻ ഇതു നിങ്ങളോടു സംസാരിച്ചിരിക്കുന്നു" (യോഹ. 15:10,11).

യേശു സന്തോഷം കണ്ടെത്തി അവിടുത്തെ പിതാവിന്റെ കല്പനകൾ കാത്തു സൂക്ഷിക്കുന്നതിൽ കൂടി, പൂർണ്ണമായ ഒരു സമർപ്പണം അവന്റെ ഹിതത്തിനായിട്ടു, അതിനു ശേഷം ഇപ്പോൾ, അതേ പാതയിൽ അവർ പിൻതുടർന്നാൽ, അവന്റെ സന്തോഷം തന്നേ അവരുടെ സന്തോഷം പൂർണ്ണമാകുന്നു.അല്ലെങ്കിൽ നിറയപ്പെടുന്നു പൂർണ്ണമായിട്ടു. ഇതേ ഉള്ളൂ ഒരു മാർഗ്ഗം, സന്തോഷത്തിന്റെ പൂർണ്ണത നിരുപാധികമായ സമർപ്പണം ദൈവത്തിൽ, നിങ്ങളെത്തന്നേ ദൈവസന്നിധിയിലേക്കു സമർപ്പിക്കുക. അർദ്ധഹൃദയത്തോടുകൂടിയ വിശ്വാസജീവിതത്തിൽ ഒരു നല്ല നിലയിൽ ഉള്ള സന്തോഷം സൃഷ്ടിക്കപ്പെടുന്നില്ല.

ഇന്ന് ധാരാളം നാമധേയ വിശ്വാസികൾക്ക് അവരുടെതായ മതം വളരെ ദയനീയമായ സാഹചര്യത്തെയാണ് സൃഷ്ടിക്കുന്നത്. അവർക്ക് ലോകത്തിന്റെ സന്തോഷത്തെ ആസ്വദിക്കുവാൻ സാധിക്കുന്നില്ല, അതുപോലെ കർത്താവിന്റെ സന്തോഷത്തിലേയ്ക്കു പ്രവേശിച്ചിട്ടുമില്ല. അവർ നില്ക്കുന്നത് ഈജിപ്തിൽ സവോളയുടെയും വെളുത്തുള്ളിയുടെയും സ്വാദു അന്വേഷിച്ചുകൊണ്ടാണ്,. അതുപോലെ തന്നേ പാലും തേനും ഇല്ലാത്തതും കനാനിലെ ശ്രേഷ്ഠകരമായ ഗോതമ്പും ഇല്ലാത്തത്. അത് അതിനിർഭാഗ്യകരമായ സ്ഥലം ആയിരിക്കും. വളരെ ലളിതമായ മാർഗ്ഗം, ദൈവത്തിങ്കലേയ്ക്കുള്ള പൂർണ്ണമായ സമർപ്പണം. അപ്പോൾ നിങ്ങളുടെ സന്തോഷം പൂർണ്ണമായിതീരും.

ഈ സന്തോഷത്തിന്റെ പൂർണ്ണതയിലേക്കു പ്രവേശിച്ച അനേകരെ ഞാൻ കണ്ടിട്ടുണ്ട്. ചില സമയങ്ങളിൾ ഇത് സംഭവിക്കുന്നത് ഒരു ഭയങ്കരമായ കഷ്ടതകൾക്ക് ശേഷം ആണ്. പൂർണ്ണമായിട്ടു ദൈവത്തിങ്കലേക്കു സമർപ്പിക്കപ്പെടുവാൻ അവർ ധൈര്യപ്പെട്ടില്ലായിരുന്നു. അതുകൊണ്ട് പറയുവാൻ അധൈര്യപ്പെട്ടു. ദൈവമേ, ഞാൻ എന്നെത്തന്നേ ഒന്നു തന്നേ പ്രതീക്ഷിക്കാതെ അങ്ങയുടെ കരങ്ങളിലേയ്ക്കു സമർപ്പിക്കപ്പെടുന്നു. അവിടുന്നു പ്രസാദകരമായതു എന്നിൽ കൂടി പ്രവർത്തിക്കേണമേ.

അവർ ഭയപ്പെട്ടിരുന്നു ദൈവം ഏതെങ്കിലും കഠിനതയേറിയത് ചോദിക്കുമോ എന്ന് ചിന്തിച്ച് ദൈവത്തെ ഭയപ്പെട്ടിരുന്നു പറഞ്ഞേക്കാവുന്ന ചൈന, ഇഡ്യാ, അല്ലെങ്കിൽ ആഫ്രിക്ക അതുപോലെ ചില സമയങ്ങളിൽ അവൻ അപ്രകാരം പ്രവർത്തിക്കുന്നു. ചില സന്ദർഭങ്ങളിൽ ലോകം നോക്കുമ്പോൾ എന്താണോ വളരെ ഭയാനകമായ ത്യാഗമായിട്ടു തീരുന്നത്, വളരെ സന്തോഷകരമായ ആഗ്രഹ അഭിലാഷങ്ങളെ ത്യജിക്കുക, വളരെ പ്രീയപ്പെട്ടവരെ ഉപേക്ഷിക്കേണ്ടതായിട്ടു വരുന്നത്, വളരെ കഷ്ടപ്പെട്ടു നേടി എടുത്ത സമ്പത്തിനെ ഉപേക്ഷിക്കേണ്ടതായ അവസരങ്ങൾ, മിക്കവാറും ഒരുവനു ഉണ്ടായിരുന്ന സകലതും. എന്നാൽ അവിടെ ഒരു അതിമഹത്തായ സന്തോഷം ഉണ്ടു, സന്തോഷം പൂർണ്ണമാക്കപ്പെട്ട സന്തോഷം നിറഞ്ഞത്.

അവിടെ ഇതാ ഒരു നല്ല മാർഗ്ഗം ഉണ്ട് സന്തോഷത്തിന്റെ പൂർണ്ണത കണ്ടെത്തുവാൻ ഒരു സമർപ്പിക്കപ്പെട്ട ജീവിതം. ഒരു ഹിതവും അതുപോലെ ജീവിതവും പൂർണ്ണമായിട്ടു ദൈവത്തിന്റെ സ്നേഹത്തിനായിട്ടു സമർപ്പിക്കപ്പെട്ടതു തീർച്ചയായിട്ടും കൊണ്ടുവരും. സകല സാഹചര്യങ്ങളിലും സന്തോഷത്തെ. പഴയ കാലഘട്ടങ്ങളിൽ അങ്ങനെ ആരാണോ ഒരുവൻ ദൈവത്തിങ്കൽ പൂർണ്ണമായിട്ടു സമർപ്പിക്കപ്പെട്ടതു അങ്ങനെയുള്ള മുൾചെടിയുടെ അടുക്കലേയ്ക്കു നയിക്കപ്പെട്ടു. അവൻ അവന്റെ കരങ്ങളെ അതിനു ചുറ്റും നീട്ടി, എന്നിട്ടു കരഞ്ഞും, ക്രിസ്തുവിന്റെ കുരിശേ, സ്വാഗതം നിത്യജീവനെ സ്വാഗതം!

ഒരു സമർപ്പിക്കപ്പെട്ട ഹിതം ക്രിസ്തുവിനെ നമ്മിലേക്ക് കൊണ്ടുവരുന്നു.

സമർപ്പിക്കപ്പെട്ട ജീവിതത്തിന്റെതായ അടുത്ത ഒരു ഫലം ആണ് നമ്മിൽ ക്രിസ്തു അവിടുന്നു മഹത്വപ്പെടുന്നു. യേശുവിനെ ഒറ്റികൊടുത്ത ആ രാത്രിയിൽ തന്നേ, അവിടുന്നു അവിടുത്തെ ശിഷ്യഗണത്തോട് പറഞ്ഞു: "എന്റെ കല്പനകൾ ലഭിച്ചു പ്രമാണിക്കുന്നവൻ എന്നെ സ്നേഹിക്കുന്നവൻ ആകുന്നു; എന്നെ സ്നേഹിക്കുന്നവനെ എന്റെ പിതാവു സ്നേഹിക്കുന്നു. ഞാനും അവനെ സ്നേഹിച്ചു അവനു എന്നെത്തന്നേ വെളിപ്പെടുത്തും" (യോഹ. 14:21).

നമ്മുടെ സ്വയത്തെ ക്രിസ്തുവിനായിട്ടു സമർപ്പിക്കപ്പെടുമ്പോൾ അത് നമ്മിലേക്ക് ക്രിസ്തുവിനെ കൊണ്ടുവരുന്നു. പൂർണ്ണമായ യേശുവിന്റെ വെളിപ്പെടുത്തലു ആയിരിക്കുന്നത്, ഇത് സത്യം തന്നേ, സന്തോഷത്തിന്റെ അധികം വിദൂരം അല്ലാത്ത ഭാവി ദിനത്തിൽ "കർത്താവും താൻ ഗംഭീരനാദത്തോടും പ്രധാനദൂതന്റെ ശബ്ദത്തോടും ദൈവത്തിന്റെ കാഹളത്തോടും കൂടെ സ്വർഗ്ഗത്തിൽ

(ശേഷം 8-ാം പേജിൽ)

(7-ാം പേജിന്റെ തുടർച്ച)

ഒരു സമർപ്പിക്കപ്പെട്ട ഹിതത്തിന്റെ ബലം

നിന്നു ഇറങ്ങി വരികയും ക്രിസ്തുവിൽ മരിച്ചവർ മുമ്പെ ഉയിർത്തെഴുന്നേൽക്കുകയും ചെയ്യും '' (1തെസ്സ:4:16). എന്നാൽ ഇപ്പോൾ ഒരു വർത്തമാനകാലത്തിന്റെതായ യേശുവിന്റെ വെളിപ്പെടുത്തൽ (പ്രത്യക്ഷത) നമുക്ക് ഉണ്ട്, എപ്പോഴാണോ പിതാവും പുത്രനും നമ്മിൽ വന്ന് നമ്മിൽ വസിക്കുമ്പോൾ അത് സാധ്യമായി തീരുന്നു (യോഹ. 14:25).

അവിടുന്ന് തന്നെത്താൻ നമ്മിൽ വെളിപ്പെടുത്തുന്നു. അത് എന്താണ് പ്രതീക്ഷിക്കുന്നതെന്ന് എനിക്ക് അത്രയ്ക്കു ബോധ്യം ഇല്ല. ചിലർ ഇങ്ങനെയാണ് പറയുന്നത്. താങ്കളെ തന്നേ അവങ്കൽ സമർപ്പിക്കപ്പെട്ടുവോ, അവിടുത്തെ കല്പനകൾ താങ്കൾ കാത്തുസൂക്ഷിക്കുന്നുണ്ടോ, കല്പനകളിൽ ഏതാണോ വലുത് ഏതാണോ ചെറുത് എന്നു അന്വേഷിച്ചു നടക്കാതെ ഏതാണോ പ്രധാനപ്പെട്ടത്, ഏതാണോ അധികം പ്രാധാന്യം ഇല്ലാത്തത്, എന്നാൽ അന്വേഷിക്കുന്നത് ഏതാണോ അവിടുത്തെ കല്പനകൾ എന്ന്, അതുപോലെ കാത്തു സൂക്ഷിക്കേണ്ടത് ? താങ്കളാകുന്നുവെങ്കിൽ, താങ്കൾക്ക് അറിയുവാൻ കഴിയും. അവിടുത്തെ തന്നെ താങ്കളിൽ വെളിപ്പെടുത്തേണ്ടത്, അതാകുന്നു സന്തോഷം.

നമ്മെ കുറിച്ച് ഒരിടത്തു പറഞ്ഞിരിക്കുന്നത്, " .....കർത്താവിനെ കണ്ടിട്ടു ശിഷ്യന്മാർ സന്തോഷിച്ചു '' (യോഹ. 20:20). താങ്കൾക്ക് സന്തോഷം ഉണ്ടാകുമ്പോൾ, താങ്കൾ യേശുവിനെ കാണുമ്പോൾ, അതുപോലെതന്നെ താങ്കൾ കാണും താങ്കൾ അവിടുത്തെ സന്നിധിയിലേക്കു പ്രവേശിക്കുമ്പോൾ പറയും, അങ്ങയുടെ മുമ്പിൽ ഞാൻ എന്റെ ജീവിതത്തെ പൂർണ്ണമായിട്ടു സമർപ്പിക്കപ്പെട്ടിരിക്കുന്നു, അങ്ങേ അടിയന്റെ മുമ്പാകെ കാണിച്ചാലും.

ഒരു സമർപ്പിക്കപ്പെട്ട ഹിതം പരിശുദ്ധാത്മാവിനെ നമ്മിൽ കൊണ്ടുവരുന്നു.

അവസാനമായിട്ടു സമർപ്പിക്കപ്പെട്ട ഹിതത്തിന്റെയും ജീവിതത്തിന്റെ ഫലം എന്നത് പരിശുദ്ധാത്മാവിനെ പ്രാപിക്കുന്നതിന്റെ ഒരു മഹത്തായ രഹസ്യവും ആണ്. അപ്പോസ്തലനായ പത്രോസ് അപ്പോസ്തല പ്രവർത്തികൾ 5:32-ൽ പറഞ്ഞിരിക്കുന്നത്, ഞങ്ങളും ദൈവം തന്നെ അനുസരിക്കുന്നവർക്കു നല്കിയ പരിശുദ്ധാത്മാവും സാക്ഷികൾ എന്നു ഉത്തരം പറഞ്ഞു.

സമർപ്പിക്കപ്പെടുമ്പോൾ ഇതെല്ലാം സംഭവിക്കപ്പെടുന്നു. ഒരു പക്ഷേ നാം വ്യക്തിഗതമായ പാപത്തെ കൈകാര്യം ചെയ്യുന്നുണ്ടായിരിക്കാം, പരിശുദ്ധാത്മാവും നമ്മിൽ നിറയപ്പെടേണ്ടതിനായിട്ടു നാം ഒരു പക്ഷേ കരയുന്നുണ്ടായിരിക്കാം. എന്നാൽ നമ്മുടെ ജീവിതത്തിന്റെതായ ആ കേന്ദ്ര സ്ഥാനത്തു നിന്നു ഒരു പൂർണ്ണമായ സമർപ്പണം ഇല്ലെങ്കിൽ ദൈവമുമ്പാകെ ഇല്ലെങ്കിൽ, നാം നമ്മെതന്നെ ദൈവസന്നിധിയിൽ സമർപ്പിക്കപ്പെട്ടില്ലെങ്കിൽ ഇതു പോലെയുള്ള യാതൊന്നും നമ്മിൽ സംഭവിക്കുകയില്ല.

ഓ, നിങ്ങളിൽ എത്രപേർ ഇതിനായിട്ടു ആഗ്രഹിക്കുകയും പ്രാർത്ഥിക്കുകയും ചെയ്തിട്ടുണ്ട്. അവരുടെമേൽ പരിശുദ്ധാത്മാവു കടന്നുവരേണമെന്ന് ആത്മഭാരത്തോടു കൂടി ആയിരുന്നിട്ടുണ്ട്. എന്നാൽ അവിടുന്നു വന്നിട്ടില്ല. അവിടെ ഒന്നും ഒരു പൂർണ്ണമായ സമർപ്പണം സംഭവിക്കപ്പെട്ടിട്ടില്ല, അവിടെ ഒന്നു സ്വായത്തത്വത്തിന്റെതായ ഒരു പൂർണ്ണ സമർപ്പണവും സംഭവിക്കപ്പെട്ടിട്ടില്ല.

അവർ ദൈവത്തിങ്കൽ സമർപ്പിതരായി തീർന്നപ്പോൾ അവർ അവരുടെ മുഖങ്ങളെ കുനിച്ച് വണങ്ങികൊണ്ടു പറഞ്ഞു. ഓ, ദൈവമേ, അടിയൻ സമർപ്പിക്കപ്പെടുന്നു, അങ്ങയിലേക്കു അവിടയനെ അങ്ങേയറ്റം നല്കിയിരിക്കുന്നു. അവിടുന്ന് പ്രയോജനപ്പെടുത്തുന്നതിനായിട്ടു അടിയനെതന്നേ ഒന്നും പ്രതീക്ഷിക്കാതെ നല്കിയിരിക്കുന്നു. ഞാൻ ഒന്നും തന്നെ പുറകോട്ടു വലിക്കുന്നില്ല. അങ്ങ് അവിടുന്ന് ആവശ്യപ്പെട്ടത്, എപ്രകാരം അവർ വണങ്ങി നമസ്ക്കരിച്ചപ്പോൾ പരിശുദ്ധാത്മാവു അവരുടെമേൽ പകർന്നു.

മിക്കവാറും ഇത് വളരെ ശക്തമായ ശക്തിയുടെയും സന്തോഷത്തിന്റെയും വേലിയേറ്റം തന്നേ ആയിരുന്നിരിക്കാം; മിക്കവാറും വളരെ മാന്യമായ ശാന്തത അത് അവരുടെ സകലത്തെയും പൂർണ്ണമായിട്ട് കവർന്നെടുത്തിരിക്കാം; മിക്കവാറും ഒരു നിശ്ചലമായ എളിയ ശബ്ദത്താൽ.

അവിടുന്ന് വന്നത് ഏതു നിലവാരത്തിലാണെങ്കിലും അവിടുന്നു വന്നു. എപ്പോഴാണോ അവിടുന്നു വന്നത്, ബലവും വന്നു. നമ്മുടെമേലുള്ള ദൈവത്തിന്റെ ശക്തിയുടെ ഏറ്റവും വലിയ രഹസ്യം എന്നത് അത് നമ്മുടെമേലുള്ള പരിശുദ്ധാത്മാവാണ് (അ.പ്പോ.1:8). അതുപോലെ തന്നെ നമ്മുടെ മേൽ പരിശുദ്ധാത്മാവു വരുന്നതിന്റെ ഏറ്റവും വലിയ രഹസ്യം എന്നത് നമ്മുടെ പൂർണ്ണമായ സമർപ്പിതമായ ഹിതത്താലാണ്, ഒരു പൂർണ്ണമായ അർപ്പണ ജീവിതം. ഓ, എത്രയോ അത്ഭുതകരം, എത്രയോ അനുഗ്രഹിക്കപ്പെട്ടതു എത്രയോ മഹത്വകരമാണ് പരിശുദ്ധാത്മാവിന്റെ ശക്തി!

താങ്കൾക്ക് ഇത് ഉണ്ടോ? നിങ്ങളെത്തന്നെ മരിച്ചിട്ടു ജീവിക്കുന്നവരായും നിങ്ങളുടെ അവയവങ്ങളെ നീതിയുടെ ആയുധങ്ങളായും ദൈവത്തിനു സമർപ്പിച്ചു കൊൾവിൻ. താങ്കൾ ഇപ്പോൾ തന്നെ അപ്രകാരം ചെയ്യുമോ? താങ്കൾ സമർപ്പിക്കപ്പെടുമോ?

ഓ, എത്രയോ മണ്ടത്തരം, എത്രയോ അങ്ങേയറ്റം മണ്ടത്തരം, ആരൊക്കെയാണോ സമർപ്പിക്കപ്പെടാത്തത്, അല്ലെങ്കിൽ ആരാണോ അവരെ തന്നെ ദൈവത്തിങ്കലേക്ക് സമർപ്പിക്കപ്പെടുവാൻ താല്പര്യപ്പെടാത്തത് വാസ്തവത്തിൽ അർഹതപ്പെട്ട ജീവിതത്തെ താങ്കൾ ധരിച്ചിരിക്കുകയാണ്, അതുപോലെതന്നെ അത് നിത്യതയെ റോസാപുഷ്പത്താലും സ്വർണ്ണത്താലും സന്തോഷത്താലും സൃഷ്ടിക്കപ്പെട്ടിരിക്കുകയാണ്, മനോഹരവും അതുപോലെ മഹത്വത്താലും താങ്കൾ ഇന്ന് സമർപ്പിക്കപ്പെടുമോ? ❖

(5-ാം പേജിന്റെ തുടർച്ച)

തകർച്ച ഉണർവ്വിന്റെ ആരംഭം

ന്നോട്ടു കടന്നുപോകുന്തോറും നമുക്ക് അനുഭവപ്പെടുന്നു. അല്പമായിട്ടു ശുദ്ധീകരണത്തിന്റെ ആവശ്യകതയും അതുപോലെ തകർക്കപ്പെടുവാനുള്ള മനോഭാവം കൂടാതെയും ആ സാഹചര്യത്തിൽ നാം പതിവായിട്ടു ഒരു മോശമായ അവസ്ഥയിലും ആയിതീരുന്നു ഏതാണോ നാം ഇതുവരേയും ചിന്തിക്കാത്ത നിലവാരത്തിൽ. ഇവിടെ ആവശ്യമായിരിക്കുകയാണ്. ഒരു വലിയ വിശപ്പ് ദൈവത്തോടുള്ള കൂട്ടായ്മ പുന:സ്ഥാപിക്കപ്പെടുന്നതിനും അതുപോലെ നമ്മുടെ ഹൃദയങ്ങളെ സ്വന്തമാക്കികൊണ്ട് ദൈവമുമ്പാകെ കരയുന്നതിന് ദൈവത്തോട് നമ്മുടെ മുന്നിൽ പ്രദർശിപ്പിക്കുവാൻ എവിടെ ഒക്കെയാണോ യേശുവിന്റെ ആ വിലയേറിയ രക്തം പ്രയോജനപ്പെടുത്തേണ്ടത് എന്ന്. അവിടുന്നു നമ്മെ കാണിച്ചു തരും, ഒരേ ഒരു കാര്യം മാത്രം. ഇത് നമ്മുടെ അനുസരണത്തേയും തകർച്ചയെയും അത് മാത്രമാണ് ഒരേ ഒരു കാര്യം ആദ്യപടി എന്ന നിലയിൽ നമുക്കായിട്ടു വെളിപ്പെടുത്തേണ്ടിരിക്കുന്നത്. ❖

ദൈവം അയച്ച ഉണർവ്വിന്റെ ഒരു സ്വഭാവം

By Duncan Campbell

“നീ എന്നും ഞങ്ങളോടു കോപിക്കുമോ? തലമുറതല മുറയോളം നിന്റെ കോപം ദീർഘിച്ചിരിക്കുമോ? നിന്റെ ജനം നിന്നിൽ ആനന്ദിക്കേണ്ടതിനു നീ ഞങ്ങളെ വീണ്ടും ജീവിപ്പിക്കയില്ലയോ?” (സങ്കീ. 85:5,6).

സങ്കീർത്തനക്കാരന്റെ ഈ വചനങ്ങൾ വെളിപ്പെടുത്തുന്നത് ഇന്നത്തെ ദൈവത്തിന്റെ പ്രിയപ്പെട്ട മക്കളുടെ ഹൃദയഭേദകമായ വിലാപം ആണ്. അവിടെ ഒരു ചോദ്യവും കൂടാതെ ഒരു വളർന്നുകൊണ്ടിരിക്കുന്ന മനസ്ഥാപം വളരെ ഭാഗികമായിട്ടുള്ളത് സംഭവിച്ചുകൊണ്ടിരിക്കുന്നു. ധാരാളം പേരിൽ ഉണർവ്വ് വരുന്നില്ലെങ്കിൽ, അതാകുന്നു, ദൈവം അയയ്ക്കപ്പെട്ട ഉണർവ്വ്, മറ്റുള്ള ശക്തികൾ എല്ലാം തന്നെ പുറമേ നിന്നു വെല്ലുക വിളികൾ ഉയർത്തുമ്പോൾ തന്നെ എല്ലാം അറിയപ്പെട്ടിരിക്കുന്ന ക്രിസ്തീയ തത്വങ്ങൾ അതിന്റെ സ്ഥാനം കൈകടത്തുന്നു.

തീർച്ചയായിട്ടും നിരീക്ഷണതമായ കണ്ണുകൾക്ക് ദർശിക്കുവാൻ സാധിക്കും. എല്ലായ്പ്പോഴും ലോകത്തെ ചുറ്റിയിരിക്കുന്ന നിഴലുകളെ അതെല്ലാം തന്നെ വളരെ പകൃതം ആയിരിക്കുകയാണ്. വേഗത്തിൽ സംഭവിക്കുവാനുള്ള മാനസാന്തരം അല്ലെങ്കിൽ ന്യാവിധിക്കായിട്ടു ഇപ്രകാരം ഉള്ള ദൃഢവിശ്വാസാത്തോടു കൂടി അവിടെ ഒരു വലിയ വിശപ്പ് ഉണ്ടാകുന്നു. ദൈവത്തിനു അവന്റെ ശക്തി വെളിപ്പെടുത്തുവാൻ അങ്ങനെയുള്ള കടുത്ത വിശപ്പു അതുപോലെ ആഴത്തിലുള്ള ആഗ്രഹവും അത് പഴയ കാലഘട്ടത്തിലെ പ്രവാചകന്റെ കരച്ചിലിന്റെ ശബ്ദം പതിവായിട്ടു കേൾക്കുന്നു. ദൈവമക്കളുടെ അധരങ്ങളിൽ നിന്നു.

ഉണർവ്വ് ആണ് നമ്മുടെ ഒരേയൊരു പ്രതീക്ഷ

അയ്യോ, ജാതികൾ തിരുമുമ്പിൽ വിറെക്കത്തവണ്ണം നിന്റെ നാമത്തെ നിന്റെ വൈരികൾക്കു പെളിപ്പെടുത്തുവാൻ തീയിൽ ചുള്ളികത്തുന്നതുപോലെയും തീകൊണ്ടു വെള്ളം തിളെക്കുന്നതുപോലെയും മലകൾ നിന്റെ മുമ്പിൽ ഉരുകിപ്പോകത്തക്കവണ്ണം നീ ആകാശം ഇറങ്ങി വന്നെങ്കിൽ കൊള്ളായിരുന്നു” (യെശ. 64:1,2). ഈ പ്രവാചകന്റെ പ്രാർത്ഥനയിൽ നിങ്ങൾ രണ്ടു അടിസ്ഥാനപരമായ വസ്തുതകൾ നിർദ്ദേശിക്കപ്പെട്ടിരിക്കുന്നു: അത് ദൈവം ഇറങ്ങി വന്നില്ലെങ്കിൽ, മലകൾ ഒഴുകുകയോ പാപികൾ ഭയപ്പെടുകയോ ഇല്ല; എന്നാൽ ഇറങ്ങി വന്നെങ്കിൽ, ദൈവം അവിടുത്തെ ശക്തിയെ വെളിപ്പെടുത്തുന്നുവെങ്കിൽ, ദൈവം അവിടുത്തെ കരം കാണിക്കുന്നുവെങ്കിൽ, ദൈവം പ്രവർത്തിക്കുന്നുവെങ്കിൽ, മലകൾ പ്രവഹിക്കുവാൻ തുടങ്ങും. ഭൗതികതയുടെ പർവ്വതങ്ങൾ, മാനുഷികതയുടെ പർവ്വതങ്ങൾ, അവിടുത്തെ മുമ്പാകെ പ്രവഹിക്കുവാൻ തുടങ്ങും, ദേശങ്ങൾ വ്യക്തികൾ അല്ല, എന്നാൽ ദേശങ്ങൾ, ഭയപ്പെടുവാൻ തുടങ്ങും.

ദേശങ്ങൾ ഭയപ്പെടുന്നതു നാം കണ്ടിട്ടില്ല, എന്നാൽ നാം സമൂഹങ്ങളെ കണ്ടിട്ടുണ്ട്; നാം ജില്ലകൾ കണ്ടിട്ടുണ്ട്; നാം പള്ളികൾ കണ്ടിട്ടുണ്ട്. ദൈവം ഇറങ്ങി പ്രവർത്തിക്കുന്ന മണിക്കൂറുകളിൽ.

ഇത് സത്യം തന്നെയാണ്. നാം കണ്ടിട്ടുണ്ട്. മനുഷ്യന്റെ പ്രയത്നത്താൽ സുവിശേഷീകരണ മേഖലകളിൽ സമൂഹങ്ങളെ സ്പർശിച്ചിട്ടില്ലാത്തത്. ധാരാളം ജനങ്ങൾ ഉള്ള പള്ളികൾ നാം കണ്ടിട്ടുണ്ട്. നാം ധാരാളം തൊഴിലുകൾ കണ്ടിട്ടുണ്ട്. അതേ, ആയിരങ്ങൾ പ്രതീക്ഷിക്കാറുണ്ട്. താങ്കൾ ഇവിടെ സംസാരിക്കുമ്പോൾ ഒരു രൂപാന്തര പ്രതികരണം എന്ന നിലയിൽ. എന്നാൽ ഞാൻ ഇതു പറയുവാൻ ആഗ്രഹിക്കുന്നു. പ്രീയപ്പെട്ട ജനങ്ങളെ, വിരോധാഭാസ്യത്തിന്റെ ഭീതി കൂടാതെ ഞാൻ പറയുവാൻ ആഗ്രഹിക്കുന്നു, അത് ദൈവത്തെകൂടാതെ താങ്കൾക്ക് സകലതും സാധിക്കുന്നുണ്ട്! ഇപ്പോൾ, അത് നിങ്ങളെ ഭീതിപ്പെടുത്തിയേക്കാം, എന്നാൽ ഞാൻ വീണ്ടും പറയുന്നു, മാനുഷിക നിലവാരത്തിൽ നിങ്ങൾക്ക് സതലതും ഇവിടെ സാധിക്കുന്നു!

ഹോവാർഡ് സ്പ്രിംങ് എഴുതിയപ്പോൾ അത് സത്യം ആയിരുന്നു. ദൈവരാജ്യം എന്നത് നമ്മുടെ പള്ളികളെ ജനങ്ങളെ കൊണ്ടു നിറയ്ക്കുന്നു എന്നുള്ള ഒരു നേട്ടം അല്ല, പ്രത്യുത നമ്മുടെ പള്ളികളിലെ ജനങ്ങൾ ദൈവത്താൽ നിറയപ്പെടുന്നതിനെയാണ്. അതുപോലെ തന്നേ അവിടെ ഒരു വ്യത്യാസം ഉണ്ട്. ധാരാളം ജനങ്ങൾ ഉള്ള പള്ളികൾ, വലിയ താല്പര്യങ്ങൾ ഉള്ളവരായിരിക്കും. പള്ളിയുടെ പ്രവർത്തനങ്ങളിൽ കേവലനം മാനുഷികമായ നിലവിൽ കഴിയുന്നത്രയും സമൂഹത്തെ സ്പർശിക്കാതെ.

സുവിശേഷീകരണവും ഉണർവ്വും തമ്മിലുള്ള വ്യത്യാസം

വിജയകരമായ സുവിശേഷീകരണം (ഞാൻ പ്രയോഗിക്കുകയാണ് വിജയകരം). അതുപോലെ ഉണർവ്വു തമ്മിലുള്ള വ്യത്യാസം ഇതാകുന്നു. സുവിശേഷീകരണത്തിൽ, രണ്ടു മൂന്ന്, പത്ത് ഇരുപത്, കഴിയുമെങ്കിൽ നൂറു. യേശു ക്രിസ്തുവിന്റെ നാമത്തിലുള്ള പശ്ചാത്താപം, വർഷത്തിന്റെ അവസാനത്തിൽ നിങ്ങൾ നന്ദിയുള്ളവരായിരിക്കൂ. അവരിൽ പകുതിപേർ എങ്കിലും അവിടെ നിലനില്ക്കുന്നുവെങ്കിൽ. എന്നാൽ സമൂഹം യാതൊരു സ്പർശനവും കൂടാതെ തന്നേ നില്ക്കുന്നു. പൊതുമന്ദിരങ്ങൾ എല്ലാം ജനനിബിഢങ്ങൾ ആണ്, ഡാൻസുകളും, നൃത്തശാല മുറികളും, സകലതും നിറഞ്ഞിരിക്കുകയാണ്. പ്രദർശനശാലകളും അതുപോലെ പടങ്ങളുടെ ഭവനങ്ങളും എല്ലാം നൂറുകണക്കിനുള്ള ജനങ്ങളാൽ വലിയവരായിട്ട് നടിക്കുന്നു. സമൂഹത്തിൽ പക്ഷേയെങ്കിൽ യാതൊരു മാറ്റങ്ങളും സംഭവിക്കുന്നില്ല!

എന്നാൽ ഉണർവ്വിൽ, ദൈവം ആയ പരിശുദ്ധാത്മാവു വരുമ്പോൾ, സ്വർഗ്ഗത്തിലെ കാറ്റു അടിക്കുമ്പോൾ, വേഗത്തിൽ സമൂഹം ദൈവീക ചിന്തയിൽ നിറയപ്പെടുന്നു. ഒരു ദൈവീകമായ മനസ്സിലാക്കൽ യൗവ്വനക്കാരുടെ ഹൃദയങ്ങളെ കവരുന്നു. മദ്ധ്യ-വയസ്ക്കരും അതുപോലെ പ്രായമുള്ളവരും. അതുകൊണ്ട് തന്നേ, സ്കോട്ട്ലണ്ടിലെ പടിഞ്ഞാറൻ പ്രവിശ്യയിലെ അഞ്ഞൂറിൽ പരം ദ്വീപുകളുടെ സമൂഹത്തിലെ ഉണർവ്വും എഴുപത്തി അഞ്ച് ശതമാനത്തോളം ജനങ്ങൾ രക്ഷിക്കപ്പെട്ടതു ഒരു രാത്രിയിൽ അവർ അടുത്തുള്ള മീറ്റീംഗിൽ വരുന്നതിനു മുമ്പെ രാത്രിയിൽ അവർ രക്ഷിക്കപ്പെട്ടിരുന്നു.

“യഹോവ ഭക്തി ജ്ഞാനത്തിന്റെ ആരംഭം ആകുന്നു” സങ്കീ. 111:10). എവിടെയാണോ സുവിശേഷീകരണവും അതുപോലെ ഉണർവ്വും തമ്മിലുള്ള വ്യത്യാസം സംഭവിക്കപ്പെടുന്നതും. അതിനാലാണ് ഞാൻ പറയുന്നത് നമ്മുടെ ഒരേ ഒരു പ്രതീക്ഷ അത ക്രൂസേഡുകളിൽ അല്ലായെന്ന്. സകലതും സംഭവിക്കപ്പെട്ടിരിക്കുന്നതിനാൽ ദൈവത്തിനു നന്ദി! മിഷ്യൻസിൽ കൂടി ഇത് സകലതും നിർവ്വഹിക്കപ്പെട്ടിരിക്കുന്നതിനാൽ ദൈവത്തിനു നന്ദി. സ്കോട്ടുലണ്ടിൽ ഞാൻ ഒരു മിഷ്യന്റെ പ്രതിനിധിയായിരുന്നിട്ടുണ്ട്. ഞങ്ങൾക്ക് പ്രവർത്ത

(ശേഷം 10-ാം പേജിൽ)

(9-ാം പേജിന്റെ തുടർച്ച)

ദൈവം അയച്ച ഉണർവ്വിന്റെ ഒരു സ്വാഭാവം

കരും ഉണ്ടായിരുന്നു. കാനഡാ, അതുപോലെ തന്നേ ഞങ്ങൽ ദൈവത്തിനു നന്ദി അർപ്പിക്കുകയാണ്. സകലതും നിവൃത്തികരിച്ചതിനാൽ ക്രിസ്ത്യൻ പ്രവർത്തകരായും, ഇവാഞ്ചലിസ്റ്റുകളാലും ശുശ്രൂഷകന്മാരുടെ കഠിന പ്രയത്നത്താലും, രക്ഷിക്കപ്പെടുന്ന ഒരുവനെ ഇവിടേയും വേറൊരിടത്തും യേശുക്രിസ്തുവിനായിട്ടു കൊണ്ടുവന്നിതിനാൽ. എന്നാൽ നമ്മുടെ ഏറ്റവും പ്രധാനപ്പെട്ട ജനതയുടെ ആവശ്യകതയും സകല പ്രശ്നങ്ങളുടെയും മറുപടിയും എന്നത് ഇന്നത്തെ ക്രിസ്ത്യൻ പള്ളികൾ ദൈവത്തിന്റെ സന്ദർശനത്തിൽ ആയിരിക്കേണം എന്നുള്ളതാണ്.

ബർണേറേയിലെ ഉണർവ്വ്

ഒന്നു വിശദീകരിക്കുവാൻ എന്നെ അനുവദിച്ചാലും ഒരു സംഭവത്താൽ ഉള്ളത്, ലേവിസ് അല്ലതാനും, അല്ലെങ്കിൽ യുയിസ്റ്റിലും അല്ല, എന്നാൽ ബെർന്നറേയിലെ ഒരു ചെറിയ ദ്വീപിൽ സംഭവിക്കപ്പെട്ടതാണ്. ആ സമയം ഞാൻ ബാങ്കോർ കൺവൻഷെനിലായിരുന്നു. ഗ്രേറ്റ് ബ്രിട്ടനിലെ ഏറ്റവും വലിയ ഒരു കൺവൻഷനാണ് ബാങ്കോൾ കൺവെൻഷൻ. കൺവെൻഷന്റെ ചെയർമാൻ ഇരിക്കുന്നതിന്റെ അടുത്ത് തന്നെ ജനങ്ങളുടെ കൂട്ടത്തിൽ ഞാൻ ഇരിക്കുകയായിരുന്നു. അതുപോലെ തന്നേ വേറൊരു കൺവെൻഷൻ പ്രസാംഗികന്റെ കൺവെൻഷന്റെ ഭാഗങ്ങൾ ഞാൻ ദർശിച്ചപ്പോൾ എനിക്ക് ആ കൺവെൻഷൻ ഉപേക്ഷിക്കേണ്ടതായിട്ടു വന്നു. ഒരു പ്രവശ്യം അവിടുന്നു പോകേണ്ടതായിട്ടു വന്നു. ഞാൻ ചെയർമാനെ കണ്ടിട്ടുണ്ട്. എന്റെ ആവശ്യകത ഞാൻ അദ്ദേഹത്തെ അറിയിച്ചു. ഓ, അവൻ പറഞ്ഞു നിങ്ങൾക്ക് ഈ കൺവൻഷൻ കളഞ്ഞിട്ടുപോകുവാൻ സാധ്യമല്ല. നിങ്ങൾ എന്നോടു പറഞ്ഞിട്ടുണ്ട്. അവസാന സമയത്തു സംസാരിക്കുമെന്നു. അതുകൊണ്ടു വലിയ നീളം ഉള്ള കഥയെ വെട്ടികുറിച്ച് ചുരുക്കം ആയിട്ടു പ്രസ്താവിക്കുക, അങ്ങനെ സമ്മതിച്ച് ഞാൻ ആ കൺവെൻഷൻ സ്ഥലത്തു നിന്നു പോകുവാൻ സമ്മതം ആയി. അടുത്ത ദിവസം പ്രഭാതത്തിൽ തന്നേ ഗ്ലാസ്കോവ് സിറ്റിയിലേക്കു വിമാന മാർഗ്ഗം വഴിയായിട്ടു ഞാൻ യാത്ര തിരിച്ചു. പിന്നീട് ഗ്ലാസ്കോവിൽ നിന്നു വിമാനം മാർഗ്ഗത്താൽ സ്റ്റോണോവേയിലെ ഠൗണിലേക്കും അതിനുശേഷം കാറിൽ ദ്വീപിലേയ്ക്കും എവിടെ നിന്നാണോ ഒരു കടത്തുവള്ളം എന്നെ ഈ ദ്വീപിലേയ്ക്കു (ബെർണറേയിലെ ദ്വീപ്) കൊണ്ടുവന്നതും, പറയുന്നു അഞ്ഞൂറോളം ജനങ്ങൾ അവിടെ താമസിക്കുന്നതായിട്ടു.

എത്തിച്ചേർന്നപ്പോൾ, ഞാൻ ഒരു ചെറിയ ബാലനെ കണ്ടുമുട്ടി. എന്നെ ഇക്കരെ വള്ളക്കടവിൽ കൊണ്ടുവന്നവനോടു ഞാൻ ഒന്നും തന്നെ സംസാരിച്ചിരുന്നില്ല. അവരെല്ലാം എനിക്ക് അപരിചിതനായിരുന്നു. ഇതിനു മുമ്പെ ഞാൻ ഈ ദ്വീപിൽ വന്നിട്ടേ ഇല്ല. ഞാൻ ഇതിനു മുമ്പെ ഒരിക്കൽ പോലും ഈ ദ്വീപിൽ ക്ഷണിക്കപ്പെട്ടിട്ടുമില്ല. അതുപോലെ എന്റെ അറിവിൽ ഈ ദ്വീപിലെ വേറെ ആരെയും തന്നേ എനിക്ക് യാതൊരുവിധമായ മുൻപരിചയും ഇല്ലായിരുന്നു. എന്നാൽ ഞാൻ അവിടെ എത്തിച്ചേർന്നു. എന്നെ കണ്ട ആ മനുഷ്യനോടു ഞാൻ പറഞ്ഞു. ദയവായിട്ടു ഇവിടെ സമീപത്തുള്ള ദൈവദാസന്റെ അടുക്കലേയ്ക്കു എന്നെ നയിക്കാമോ?

ഞങ്ങൾക്ക് ഇവിടെ ഒരു ശുശ്രൂഷകന്മാരും ഇല്ല ദ്വീപിൽ. രണ്ടു പള്ളികളും ഇപ്പോൾ ആൾകൂട്ടം ഇല്ലാതെ വെറുതെ കിടക്കുകയാണ്.

അങ്ങനെയെങ്കിൽ അടുത്തുള്ള മൂപ്പന്റെ സമീപത്തേയ്ക്കു എന്നെ കൊണ്ടുപോകുവാൻ സാധിക്കുമോ?

അതേ കഴിയും. സമീപവാസിയായ മൂപ്പൻ താമസിക്കുന്നത് ആ മലയിലെ ഭവനത്തിലാണ്.

അങ്ങനെ ഞാൻ ആൺകുട്ടിയോടു പറഞ്ഞു. ആ മൂപ്പന്റെ അടുക്കലേയ്ക്കു ഒന്നുപോയി പറയാമോ മിസ്റ്റർ. ക്യാപ്ബെൽ ദ്വീപിൽ വന്നിരിക്കുന്നതായിട്ടു. അദ്ദേഹം ചോദിക്കുന്നുവെങ്കിൽ, എന്ത് ക്യാംപ്ബെൽ? ലേവിംസ് ദ്വീപിൽ നിന്ന് വന്ന ക്യാപ്ബെൽ ആണെന്ന്.

അങ്ങനെ ആ ചെറുപ്പക്കാരനായ ആൺകുട്ടി പോയിട്ടു അല്പസമയത്തിനുശേഷം മടങ്ങിവന്നിട്ടു പറഞ്ഞു, ഹെക്ടർമക്നോൻ നിങ്ങൾ ഇന്നു വരുമെന്നു പ്രതീക്ഷിച്ചിരിക്കുകയാണ്. അതുപോലെ തന്നേയാണ് അദ്ദേഹത്തിന്റെ സഹോദരന്റെ കൂടെ താമസിക്കേണം. അവൻ എന്നോട് ചോദിച്ചു നിങ്ങളോട് പറയുവാൻ അദ്ദേഹം ഒരു മീറ്റിംഗ് ക്രമീകരിച്ചിരിക്കുകയാണ്. ഇന്ന് രാത്രി 9 മണിക്ക്. അദ്ദേഹത്തിന്റെ പള്ളിയിൽ അതുപോലെ തന്നേ നിങ്ങളെ പ്രതീക്ഷിച്ചിരിക്കുകയാണ് ആ മീറ്റിംഗിൽ ദൈവവചനം സംസാരിക്കുന്നതിനായിട്ട്.

ബെർണേറേയിലെ ഉണർവ്വിന്റെ രഹസ്യം

ഇപ്പോൾ, നിങ്ങൾക്ക് ഇഷ്ടപ്പെടുന്ന വിധത്തിൽ വിശദീകരിക്കട്ടെ. ഇവിടെ ഇതാ ഒരു മനുഷ്യൻ ആരാണോ ആ ദിവസത്തിന്റെ പ്രഭാതത്തിൽ ബാങ്കോർ ദ്വീപിലെ പള്ളിയിൽ ഞാൻ ഇരുന്നപ്പോൾ, പ്രാർത്ഥനയിൽ ചെലവിടുവാൻ തീരുമാനിച്ചത്. അവൻ പള്ളിയെ കുറിച്ചു അധികം വ്യാകുലപ്പെട്ടുകൊണ്ടു ഇരിക്കുകയായിരുന്നു. പ്രത്യേകിച്ച് വളർന്നുകൊണ്ടിരിക്കുന്ന ചെറുപ്പക്കാരുടെ തലമുറ ആ സംസ്ഥാനത്തിലെ യാതൊരു വേർതിരിവും കൂടാതെ ദൈവത്തിനു അതുപോലെ പള്ളിയ്ക്കുമായിട്ടു പ്രയോജനപ്പെട്ടതിനായിട്ടു അതുപോലെ തന്നേ അദ്ദേഹത്തിന്റെ ഭാര്യ എന്നോടു പറഞ്ഞു മൂന്ന് അവസരങ്ങളിൽ അവൾ പ്രാർത്ഥനയ്ക്കായിട്ടു വാതിൽക്കൽ എത്തിയെന്നു (അവിടെ പ്രാർത്ഥനയ്ക്കു സമയം ചിലവിട്ടിരുന്ന സ്ഥലമാണ് ബാൺ). അപ്പോൾ അവൻ പ്രാർത്ഥിക്കുന്നതായിട്ടു അവൾ കേട്ടു, ദൈവമേ, അവൻ എവിടെയാണ് എനിക്ക് അറിഞ്ഞുകൂടാ, എന്നാൽ നീ അവനെ അയച്ചിരിക്കുന്നുവെന്ന് അവിടുന്നു അറിയുന്നു.

ആ രാത്രിയിൽ ഏകദേശം 10 മണി ആയപ്പോൾ അവൻ വളരെ ബോധ്യതയോടു കൂടിയും ദൃഢവിശ്വാസത്തോടും ആയിതീർന്നു. ദൈവം അവന്റെ കരിച്ചിന്റെ ശബ്ദം കേട്ടതായിട്ടും അതുപോലെ തന്നേ ഈ പ്രത്യേക ദിവസത്തിൽ ഞാൻ തന്നേ ദ്വീപിൽ ആയിരിക്കുമെന്നും അതുകൊണ്ട് ഇന്ന് രാത്രിയിൽ 9 മണിക്കുള്ള ഉപക്രമ പ്രസംഗം ഞാൻ തന്നേ നടത്തുമെന്നു.

ഞങ്ങൾ പള്ളിയിലേക്കു പുറപ്പെട്ടു. ഒരു നല്ല കൂട്ടം ജനങ്ങൾ അവിടെ കൂടിവന്നിരിക്കുന്നു. ഏകദേശം എൺപതോളം സർവ്വീസ് എന്നത് തികച്ചും സാധാരണ നിലയിൽ ഉള്ളതായിരുന്നു. തീർച്ചയായിട്ടും അതിന്റെ അവസാനത്തിങ്കൽ, ഞാൻ അത്ഭുതപ്പെട്ടുപോയിരുന്നു. ഇതിനെല്ലാം ശേഷം ഞാൻ ദ്വീപിലേയ്ക്കു നയിക്കപ്പെട്ടുവരുന്നുവെങ്കിൽ എന്ന് ഓർത്തതിനാൽ. എന്നാൽ അവിടെ ചില മനുഷ്യർ ഉണ്ടായിരുന്നു ദൈവത്തോടു അടുപ്പം ഉള്ളവരായിട്ടു എന്നെക്കാൾ അധികം. എന്റെ പ്രീയപ്പെട്ട ജനങ്ങളെ, നാം വിശ്വസ്തരായിട്ടു മാനിക്കപ്പെടേണം.

(ശേഷം 11-ാം പേജിൽ)

(10-ാം പേജിന്റെ തുടർച്ച)

ദൈവം അയച്ച ഉണർവ്വിന്റെ ഒരു സ്വാഭാവം

ഞാൻ നേരത്തെ തന്നേ പരാമർശിച്ചിരുന്ന ഈ പ്രായമുള്ള മനുഷ്യൻ എന്റെ അരികിലേയ്ക്കു വന്നിട്ടു പറഞ്ഞു. ഞാൻ പ്രതീക്ഷിക്കുന്നു നിങ്ങൾ നിരാശിതനല്ലെന്നും ഇന്ന് രാത്രിയിലെ പള്ളിയിലെ ഈ മീറ്റിംഗിൽ ഉണർവ്വ് കടന്ന് വരാതിരുന്നതിനാൽ. എന്നാൽ ദൈവം നമ്മുടെമേൽ പകർന്നിരിക്കുകയാണ്, ഏതു സമയത്തും അവിടുന്നു ഒരു വലിയ ആത്മപകർച്ച നടത്തുകയും ചെയ്യും!

ഇവിടെ ഇതാ ഒരു മനുഷ്യൻ ദൈവത്തോടു അടുത്തു. “ യഹോവയുടെ സഖിത്വം തന്റെ ഭക്തന്മാർക്കു ഉണ്ടാകും ” (സങ്കീ. 24:14).

ദൈവം വന്നു!

ഞങ്ങൾ ഇപ്പോൾ പള്ളിയിലേയ്ക്കു പോയ്ക്കൊണ്ടിരിക്കുകയാണ്. പള്ളി ആകട്ടെ ഒരു മലമുകളിലാണ്, പ്രധാന വഴി താഴെ ഭാഗത്തും ആയിരുന്നു. ഏകദേശം മൂന്നൂറ് ഗജത്തോളം ദൂരം ഉണ്ടായിരുന്നു. ജനം താഴേക്കു നടന്നുപോകുകയായിരുന്നു, ഞങ്ങൾ അവരുടെ പുറകേ സംസാരിച്ചുകൊണ്ടും അപ്പോൾ പെട്ടെന്നു. ഓ, ഇതാകുന്നു എന്നോ ഞാൻ സ്വീകരിച്ചുകൊണ്ടിരിക്കുന്നത്, കുറിക്കൊള്ളേണ്ടിയിരിക്കുന്നു സുവിശേഷീകരണ ദൗത്യവും ഉണർവ്വും തമ്മിലുള്ള കാതലായ അന്തരം.... പെട്ടന്നു മൂപ്പൻ നില്ക്കുന്നു, തലയിലെ തൊപ്പി കയ്യിൽ എടുത്തുകൊണ്ട്, നില്ക്കുക, മിസ്റ്റർ ക്യാംപ് ബെൽ. ദൈവം വന്നു! ദൈവം വന്നു! എന്താണ് സംഭവിക്കുന്നുവെന്ന് കാണുക! ജനത്തെ നോക്കികൊണ്ടു ഞാൻ നിന്നുപോയി അപ്പോൾ ഞാൻ കണ്ടത് അവർ അവരുടെ മുഴങ്കാലുകളിൽ വീണുകൊണ്ടിരിക്കുന്നതാണ് അവിടെയുള്ള പ്രത്യേക ജനവർഗ്ഗത്തിന്റെ ഇടയിൽ. ഞാൻ കേട്ടു പാപബോധം ഉള്ളവരുടെ കരച്ചിൽ. ആ മീറ്റിംഗിൽ 9 മണി രാത്രിയിൽ കൂടി വരവ് തുടങ്ങുകയും അടുത്ത ദിവസം പ്രഭാതത്തിൽ 4 മണി വരെ ആരാധന നീണ്ടു നില്ക്കുകയും ചെയ്തു. ആ മല യുടെ വശത്തുള്ള പള്ളിയിൽ.

ആ ദ്വീപ് വളരെ വേഗത്തിൽ തന്നേ ദൈവത്താൽ സ്പർശിക്കപ്പെട്ടു! ക്യാംപ് ബെൽ ദ്വീപിലേക്കു പോയതു കൊണ്ടായിരുന്നോ ഇത്? ആ ചിന്തയെ പുറത്താക്കുക!

ഇങ്ങനെയുള്ള അവസരം എനിക്ക് ലഭിച്ചതിനാൽ ഞാൻ ദൈവത്തിനു നന്ദി അർപ്പിക്കുന്നു. അതുപോലെ എത്രയോ നന്ദിയോടു കൂടിയാണ് ഞാൻ ആയിരിക്കുന്നത്. അത് ഞാൻ ദൈവത്തോടു വളരെ അടുത്ത് ആയിരുന്നു. ആ പ്രസംഗ പീഠത്തിൽ അവിടുത്തെ ആ ശബ്ദം കേൾക്കുന്നതിനായിട്ടു. ഞാൻ പലപ്പോഴും അതിനെ കുറിച്ചു ചിന്തിച്ചുകൊണ്ടിരുന്നു. ഓ, ഞാൻ പലപ്പോഴും അത് ചിന്തിച്ചിരുന്നു. ഞാൻ ദൈവത്തോടു ബന്ധം ഇല്ലാത്തവനായിരുന്നുവെങ്കിൽ രക്ഷകന്റെ ശബ്ദം കേൾക്കുവാൻ സാധിക്കാത്ത ഒരു സ്ഥലത്തായിരുന്നു ഞാൻ എങ്കിൽ, ദൈവശബ്ദം ബെർണറേയ്ക്കു നഷ്ടം സംഭവിച്ചേയ്ക്കാമായിരുന്നു. ആ ശക്തമായ സന്ദർശനം ദ്വീപിന്റെ കേന്ദ്രഭാഗത്തിനു ചുറ്റുമുള്ള പ്രദേശങ്ങളിലേക്ക് കുലുക്കം സംഭവിക്കപ്പെട്ടത്.

ഞാൻ ചോദിക്കുകയാണ്. ആ ദ്വീപിലെ ഏതെങ്കിലും ഒരു വീടെങ്കിലും ആ രാത്രിയിൽ സന്ദർശിക്കാതെ ഉണ്ടോ എന്ന് ദൈവം സൃഷ്ടിക്കപ്പെട്ട ഒരു അവബോധത്താൽ, ദൈവത്തെകുറിച്ചുള്ള ഒരു അറിവിനാൽ, ആ സാഹചര്യങ്ങളിൽ ഒരു വലിയ ഉണർവ്വിന്റെതായി കാറ്റിനാൽ സ്പർശിക്കപ്പെട്ടിരുന്നു. സർവ്വശക്തമായ ദൈവത്താൽ ഭരമേല്പിക്കപ്പെട്ടിരിക്കുകയാണ്. അവിടുത്തെ സകല സാഹചര്യങ്ങളും! അതാകുന്നു ഉണർവ്വ്.

ഈ ഒരു കൃത്യനിർവ്വഹണത്തിനായിട്ടു കൊണ്ടുവന്നിരിക്കുന്ന അടിസ്ഥാനപ്രമാണത്തെ ഒന്നുകുറിക്കൊള്ളുക. “ എന്റെ നാമം വിളിക്കപ്പെട്ടരിക്കുന്ന എന്റെ ജനം തങ്ങളെത്തന്നേ താഴ്ത്തി പ്രാർത്ഥിച്ചു എന്റെ മുഖം അന്വേഷിച്ചു തങ്ങളുടെ ദുർമാർഗ്ഗങ്ങളെ വിട്ടു തിരിയുമെങ്കിൽ, ഞാൻ സ്വർഗ്ഗത്തിൽ നിന്നു കേട്ടു അവരുടെ പാപം ക്ഷമിച്ചു അവരുടെ ദേശത്തിനു സൗഖ്യം വരുത്തികൊടുക്കും ” (2 ദിന. 7:14).

അവിടെ കുറഞ്ഞത് ഒരു വ്യക്തിയെങ്കിലും ആ ദ്വീപിൽ തിരുവചനത്തിലെ ഈ വേദഭാഗത്തിലെ വ്യവസ്ഥകൾ പൂർത്തീകരിക്കാതെ ഇരുന്നിട്ടില്ല. എന്തുകൊണ്ടെന്നാൽ അവൻ അതിലെ വ്യവസ്ഥകൽ പൂർത്തീകരിച്ചിരിക്കുകയാണ്, ദൈവം, ഉടമ്പടി കാത്തു സൂക്ഷിക്കുന്ന ഒരു ദൈവം ആണ്. അവിടുന്നുള്ള ഉടമ്പടി നിവൃത്തീകരണത്തിൽ തീർച്ചയായിട്ടും അത് സത്യം തന്നേയാണ്. ദൈവമോ, അവിടുത്തെ മഹത്വത്തെ ബഹുമാനിക്കുന്നു. (ആദരിക്കുന്നു) എന്നുള്ളത് സാക്ഷ്യം ആകുന്നു, പള്ളിയിലെ ആ മനുഷ്യന്റെ പ്രാർത്ഥന മുറിയിലെ പ്രാർത്ഥന ശ്രദ്ധിക്കുന്നുമുണ്ടായിരുന്നു ആ ദിവസത്തിൽ.

അടിസ്ഥാന പ്രമാണങ്ങൾ ആത്മികമായ അധിനിവേശത്തെ നിയന്ത്രിക്കുകയും ചെയ്യുന്നു..... ഓ, ആ ദൈവം തന്നെ കണ്ടെത്തട്ടെ ഒരു കൂട്ടം ജനത്തെയും പൂർത്തീകരിക്കുവാൻ തയാറായവരെയും അതുപോലെ തന്നേ ആത്മീകമായ ആ ഉദ്ദീപനത്തിനായിട്ടുള്ള അടിസ്ഥാനപരമായ തത്വങ്ങളുടെ ഭരണനിർവ്വഹണത്തിന്റെ ആജ്ഞാനുസാരികളായിട്ടു നിൽക്കുന്നതിന് ആയിട്ടും.

ക്ര�ൈസ്റ്റ് ലൈഫ് മിനിസ്ട്രീസിന്റെ അനുമതിയോടുകൂടി വീണ്ടും പ്രസിദ്ധീകരിക്കപ്പെട്ടതു. ഡൻകൻ ക്യാംപ്ബെൽ ഒരു സ്കോട്ടിഷ് പ്രസംഗകരും 1949-ലെ ഹെബ്രഡസ് റിവൈവൽ ന്റെ ലീഡറും ആയിരുന്നു.

“ യഹോവേ, നീ നിന്റെ ദേശത്തെ കടാക്ഷിച്ചിരിക്കുന്നു; യാക്കോബിന്റെ പ്രവാസികളെ തിരിച്ചു വരുത്തിയിരിക്കുന്നു, നിന്റെ ജനത്തിന്റെ അകൃത്യം നീ മോചിച്ചു; അവരുടെ പാപം ഒക്കെയും നീ മൂടിക്കളഞ്ഞു നിന്റെ ക്രോധം മുഴുവനും നീ അടക്കിക്കളഞ്ഞു; നിന്റെ ഉഗ്രകോപം നീ വിട്ടു തിരിഞ്ഞിരിക്കുന്നു. ഞങ്ങളുടെ രക്ഷയുടെ ദൈവമേ, ഞങ്ങളെ യഥാസ്ഥാനപ്പെടുത്തേണമേ; ഞങ്ങളോടുള്ള നന്റെ നീരസം മതിയാക്കേണമേ. നീ എന്നും ഞങ്ങളോടു കോപിക്കുമോ? തലമുറതലമുറയോളം നിന്റെ കോപം ദീർഘിപ്പിച്ചിരിക്കുമോ? നിന്റെ ജനം നിന്നിൽ ആനന്ദിക്കേണ്ടതിനു നീ ഞങ്ങളെ വീണ്ടും ജീവിപ്പിക്കുകയില്ലയോ? യഹോവേ, നിന്റെ ദയ ഞങ്ങളെ കാണിക്കേണമേ; നിന്റെ ദയ ഞങ്ങളെ കാണിക്കേണമേ; നിന്റെ രക്ഷ ഞങ്ങൾക്കു നല്കേണമേ. യഹോവയായ ദൈവം അരുളിച്ചെയ്യുന്നതു ഞാൻ കേൾക്കും; അവർ ഭോഷത്വത്തിലേക്കു വീണ്ടും തിരിയാതിരിക്കേണ്ടിതനു അവൻ തന്റെ ജനത്തോടും തന്റെ ഭക്തന്മാരോടും സമാധാനം അരുളും. തിരുമഹത്വം നമ്മുടെ ദേശത്തിൽ വസിക്കേണ്ടതിനു അവന്റെ രക്ഷ അവന്റെ ഭക്തന്മാരോട് അടുത്തിരിക്കുന്നു നിശ്ചയം. ദയയും വിശ്വസ്തതയും തമ്മിൽ എതിരേറ്റിരിക്കുന്നു. നീതിയും സമാധാനവും തമ്മിൽ ചുംബിച്ചിരിക്കുന്നു. വിശ്വസ്തത, ഭൂമിയിൽ നിന്നു മുളെക്കുന്നു . നീതി സ്വർഗ്ഗത്തിൽ നിന്നു നോക്കുന്നു. യഹോവ നന്മ നൽകുകയം നമ്മുടെ ദേശം വിളതരികുകയും ചെയ്യും. നീതി അവനു മുമ്പായി നടക്കുകയും അവന്റെ കാൽചുവടുകളുടെ വഴി നോക്കുകയും ചെയ്യും (സങ്കീ. 85:1-13).

❖